# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 693

06.02.2013ൽ
മറുപടിക്ക്

### ചീമേനി താപനിലയത്തിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) വ്യവസായ വൈദ്യതി വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ ചീമേനിയിൽ പ്രഖ്യാപിച്ച ചീമേനി താപനിലയം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്ന പ്രകൃതി വാതകം അനുവദിച്ചുള്ള തിരുമാനം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകം ഉപയോഗിച്ച് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ വില താരതമ്യേന കൂടുതലായിരിക്കും എന്ന നിഗമനത്തിൽ കൂടുതൽ ആയതിനാൽ കെ.എസ്.ഇ.ബി കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നതിന് കരാറിൽ ഏർപ്പെടാൻ തയ്യാറല്ല. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉള്ള കമ്മിറ്റി കെ.എസ്.ഇ.ബി.യുടെ പവർ പർച്ചേസ് എഗ്രിമെന്റ് കൂടാതെ പദ്ധതി നടപ്പാക്കുന്നതിനായുള്ള മോഡലിനെകുറിച്ച് വിശകലനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ മോഡലിന്അനുമതി നൽകുന്ന തിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ